ഇക്കഴിഞ്ഞ തിരുവനന്തപുരം TB ചാപ്റ്റർ മീറ്റാണ് രംഗ വേദി. "കവിളിണയിൽ കുങ്കുമമോ പരിഭവ വർണ്ണ പരാഗങ്ങളോ....."

"വേൽ മുരുകാ ഹരോ ഹരാ....."

സദസ്സിനെ തന്റെ ശബ്ദ സൗകുമാര്യം കൊണ്ട് ത്രസിപ്പിച്ച ആ ഗായകൻ ആകട്ടെ ഈ ആഴ്ചയിലെ ദളം.

വരുൺ. എസ്
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
റീജിയണൽ ഓഫീസ്
തിരുവനന്തപുരം

കേരള സംസ്ഥാന വാണിജ്യ വ്യവസായ വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന യശ:ശരീരനായ ശ്രീ ശിവാനന്ദന്റെയും വീട്ടമ്മയായ ഇന്ദിരയുടെയും മകൻ.

ജനനം തിരുവനന്തപുരം ജില്ലയിലെ പാറശാലയിൽ. സ്കൂൾ/കലാലയ പഠന കാലഘട്ടം സ്വദേശമായ തിരുവനന്തപുരത്ത് തന്നെ ആയിരുന്നു. കാരോടിന് സമീപം ഉള്ള അയിര ഗവ.K.V. ഹയർ സ്കൂളിൽ നിന്നും SSLC ; ധനുവച്ചപുരം എൻഎസ്എസ് കോളേജിൽ നിന്നും പ്രീഡിഗ്രി. കുറവൻകോണത്തെ UIT യിൽ നിന്നും BBA യിൽ ബിരുദം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ നിന്നും എംബിഎ.

പഠന ശേഷം ദുബായിൽ ഒരു ബാങ്കിൽ ജോലി ലഭിച്ചു. സാമ്പത്തിക മാന്ദ്യം വന്നപ്പോൾ തൊഴിൽ നഷ്ടമായി നാട്ടിൽ തിരികെ എത്തി. അധികം വൈകാതെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ചേലച്ചുവട് (ഇടുക്കി ) ശാഖയിൽ പ്രൊബേഷനറി ഓഫീസർ ആയി 2012 മേയ് മാസം ബാങ്കിംഗ് ജീവിതത്തിന് തുടക്കമിട്ടു. നിലവിൽ തിരുവനന്തപുരം റീജിയണൽ ഓഫീസിൽ മാനേജർ (റിക്കവറി) ആയി ജോലി ചെയ്യുന്നു.

വരുൺ സംഗീതം ശാസ്ത്രീയമായി അഭ്യസിച്ചിട്ടില്ല. വീട്ടിൽ അമ്മ പാടുമായിരുന്നു. അമ്മയിൽ നിന്നുമാണ് വരുണിന് സംഗീതം പകർന്നു കിട്ടിയതെന്ന് പറയാം. സ്കൂൾ തലം തൊട്ടേ എല്ലാ മത്സരത്തിനും പങ്കെടുക്കുമായിരുന്നു. കോളജിൽ എത്തിയപ്പോഴും അതിന് മാറ്റം വന്നില്ല. സംഗീത സംബന്ധമായ മത്സരമാണോ, എങ്കിൽ വരുണിനെ അവിടെ കണ്ടിരിക്കും. മത്സരങ്ങളിൽ പങ്കെടുക്കുക മാത്രമല്ല, സമ്മാനങ്ങളേറെ നേടുകയും ചെയ്യും. കലാലയ ജീവിതത്തിന് ശേഷം ഏറേ നാൾ പൊതു വേദികളിൽ നിന്നും അകന്നു നിന്നിരുന്നു.

പിന്നീട് അതിനൊരു മാറ്റം ഉണ്ടായത് ബാങ്കിൽ ജോലി ലഭിച്ചതിനു ശേഷം ആണ്. ബാംഗ്ലൂരിലെ ട്രെയിനിങ് സെന്റർ ആണ് വേദി. പ്രൊബേഷണറി ഓഫീസേഴ്സ് ന്റെ പരിശീലനം തീരുന്ന അവസാന ദിവസം. എല്ലാവരും ഓരോ പരിപാടികൾ നടത്തണം. വരുൺ തിരഞ്ഞെടുത്തത് തന്റെ ജീവശ്വാസം ആയ സംഗീതം തന്നെ. ഏറെ നാൾ വേദികളിൽ നിന്നും മാത്രമേ വരുൺ മാറി

നിന്നുള്ളൂ; അല്ലാതെ സംഗീതത്തിൽ നിന്നുമല്ല എന്ന് തെളിയിക്കുന്ന അവസരം കൂടി ആയിരുന്നു അത്. കാതൽ റോജാവേ എന്ന ഗാനം തമിഴ്-ഹിന്ദി മിക്സ് ആയി വരുൺ ആലപിച്ചു സദസ്സിനെ കയ്യിലെടുത്തു. പ്രത്യേകിച്ചും നോർത്ത് ഇന്ത്യയിൽ നിന്നുള്ള സഹപ്രവർത്തകർക്ക് അത് ഒരുപാട് ഇഷ്ടം ആയി. പാട്ടിന്റെ വീഥിയിൽ വീണ്ടും സജീവമാകുവാൻ ആത്മ വിശ്വാസവും കൂടി നേടി തന്നത് ആയിരുന്നു അന്നത്തെ ആ വേദി എന്ന് വരുൺ സന്തോഷത്തോടെ സ്മരിക്കുന്നു.

ഇതിനകം ബാങ്കിലെ ഓരോ കുഞ്ഞു കുഞ്ഞു പരിപാടികളിലും, കുടുംബ / സൗഹൃദ സദസ്സുകളിലും വരുണിന്റെ സാന്നിധ്യം ഒഴിവാക്കപ്പെടാത്തതായി മാറി കൊണ്ടിരുന്നു.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ഓഫീസേഴ്സ് അസോസിയേഷൻ വക സാംസ്കാരിക പരിപാടിയായ 'ദ്യുതി'യുടെ വാർഷിക സാംസ്കാരിക കൂട്ടായ്മയീൽ വരുണിന്റെ ഗാനങ്ങൾ നിറ സാന്നിധ്യമായി.

കൊല്ലത്ത് വച്ചു നടന്ന മൂന്നാമത് ടാലന്റഡ് ബാങ്കേഴ്സ് മീറ്റിൽ ആയിരുന്നു വരുണിന്റെ TB പരിപാടികളിലേക്ക് ഉള്ള രംഗപ്രവേശനം.

"ശ്രീ രാഗമോ തേടുന്നു......" എന്ന ഗാനത്തിലൂടെ ശ്രോതാക്കളുടെ മനസ്സും ഹൃദയവും വരുൺ കീഴടക്കി കയ്യിലെടുത്തു.

ഇക്കഴിഞ്ഞ തിരുവനന്തപുരം ചാപ്റ്റർ മീറ്റിലും വരുൺ തന്റെ സ്വരമാധുര്യം കൊണ്ട് വേദി കീഴടക്കി.

നിറങ്ങൾ കൊണ്ട് മഴവില്ലേഴഴകും തീർക്കുന്ന, TB യുടെ മുൻകാലദളം കൂടിയായ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം നന്തൻകോട് ശാഖയിൽ മാനേജർ ആയി ജോലി നോക്കുന്ന സുനയന ആണ് വരുണിന്റെ ജീവിത പങ്കാളി. കലയുടെ കാര്യത്തിൽ അന്യോന്യം കട്ടയ്ക്ക് സപ്പോർട്ട് ചെയ്തു നിൽകുന്ന ദമ്പതികൾ. പട്ടം കേന്ദ്രീയ വിദ്യാലയത്തിൽ പഠിക്കുന്ന സുവർഷും, നയനിഷും ആണ് ഈ ദമ്പതികളുടെ മക്കൾ.

ചിത്രകലയിലും ഡിസൈനിംഗിലും നൈപുണ്യം തെളിയിച്ച സുനയനയായിരുന്നു നമ്മുടെ ആലുവാ മീറ്റിന്റെ (രണ്ടാമത് ടീബി മീറ്റ്) TABEX പ്രദർശന പവിലിയൻ ഉദ്ഘാടനം ചെയ്തതും. വരുൺ കൂടിച്ചേരുന്നതോടെ ടീ ബി ദ്വയങ്ങളാൽ സമ്പന്നമായ കുടുംബമായി വരുൺ- സുനയന സഖ്യം മാറുന്നതും ഈയാഴ്ചയുടെ പ്രത്യേകതയാണ്. ടാലന്റഡ് ബാങ്കേഴ്സ് കൾച്ചറൽ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി അംഗമായും ടീബി കുടുംബത്തിന്റെ ശക്തിസ്രോതസിലൊരാളായും സുനയന പ്രവർത്തിക്കുന്നു.

കുടുംബവും സുഹൃത്തുക്കളും സഹപ്രവർത്തകരും നൽകുന്ന നിർലോപ പിന്തുണയാണ് ഗാന രംഗത്ത് തന്റെ പ്രചോദനം എന്ന് വരുണിന്റെ ലാളിത്യമാർന്ന വാക്കുകൾ.

യേശുദാസിനെയും, SPB യെയും ഏറെ ഇഷ്ടപ്പെടുന്ന, സദാ പ്രസന്നവദനനും സൗമ്യനുമായ വരുണിനു വരും കാലങ്ങളിൽ പാട്ടിന്റെ പാലാഴിയിൽ കൂടുതൽ ഉയരങ്ങളിൽ എത്തി ചേരുവാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, SMEUC Branch, Thiruvananthapuram

English version: Minu Mary Abraham, State Bank of India, Singanallur Branch, Coimbatore

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

-------------------------------------------------------------------------------------------------

The venue is the Thiruvananthapuram TB chapter meet that was held recently.
"Kavilinayil kunkumamo paribhava varna paragangalo..."

"Vel Muruga Haro Hara....."

The singer, who enthralled the audience with his voice, is the Talented Banker of this week.

Varun. S.
Union Bank of India
Regional Office
Thiruvananthapuram

He was born to (Late) Mr Sivanandan who was an officer in the Kerala state commerce and industries department and Ms Indhira.

He was born in Parassala in Thiruvananthapuram district. His school and college days were in Thiruvananthapuram itself. He completed his SSLC from Government K.V. Higher Secondary School, Ayira, a place near Karode and Pre-degree from NSS College, Dhanuvachapuram. He did his graduation in BBA from UIT, Kuravankonam. MBA from Institute of Management in Kerala.

After completing his studies he got a job in a bank in Dubai. When the economic recession came, he lost his job and returned home. He started his banking career in May 2012 as a probationary officer at the Chelachuvadu (Idukki) branch of Union Bank of India. He is currently working as manager (recovery) in the regional office, Thiruvananthapuram.

Varun hasn't studied music classically. His mother used to sing at home. It can be said that Varun got the music from his mother. He used to participate in every competition right from the school level. That didn't change when he got to college. Varun was always present at music related competition. He not only had participated in competitions but also won many prizes. After his college life, he stayed away from public platforms for a longer time.

That changed after he got a job in the bank. The venue was a training centre in Bangalore and it was the last day of the training of the probationary officers. Everyone was supposed to do their own

programs. Varun chose music which is the breath of his life. It was also an opportunity to prove that Varun has stayed away only from the venues for a long time and not from music. Varun has sung the Tamil-Hindi mix of the song Kadhal Rojave and took the audience by storm, especially his colleagues from North India. Varun happily recalls that it was the venue that gave him the confidence to be active again in his musical journey.

Now, Varun's music has become an essential part of every small or big functions in Bank as well as in family and friends gatherings.

Varun's songs were a part of the annual cultural gathering of 'Dyuti', a cultural event organised by the Officers' Association of Union Bank of India.

Varun's entry into TB shows was at the 3rd Talented Bankers Meet held in Kollam.
"Sri Ragamo thedunnu......" Varun captured the hearts and minds of the listeners with his singing skills.

Varun conquered the stage with his voice in the recent Thiruvananthapuram Chapter meet as well.

Varun's life partner is Sunayana, who works as a manager at the Nanthancode branch of the Central Bank of India in Thiruvananthapuram, is also a former Talented Banker of the Week. A couple who have supported each other when it comes to art. The couple's children are Suvarsh and Nayanish, who are studying at Kendriya Vidyalaya, Pattom.

Sunayana, who excel in painting and designing, inaugurated the TABEX exhibition pavilion of our Aluva Meet (2nd TB Meet). The highlight of this week is that with Varun's addition as TB of the Week, Varun-Sunayana couple will become the next TB of the week duo in the family of TB of the Week duos. Sunayana serves as a member of the governing body of the Talented Bankers Cultural Society and is one of the pillars of Talented Bankers Community.

According to Varun, his inspiration in the field of singing is the uninterrupted support given by his family, friends and colleagues.

We wish Varun, who loves Yesudas and SPB a lot and is always cheerful and gentle, be able to scale greater heights in the times to come.